Rao Sahib C. J. Mathew (*Secretary to Government*): Yes, Sir.

Mr. P. A. Muhammed Ashroff (*Cranganur*): May I know, Sir, whether any register showing details of the applicants is maintained by Government?

Rao Sahib C. J. Mathew (*Secretary to Government*): Yes, a register of applications received, is kept in the Director's Office.

Mr. P. A. Muhammed Ashroff (*Cranganur*): Will not that register show the required particulars?

Rao Sahib C. J. Mathew (*Secretary to Government*): That won't show all details.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: മുമ്പുപറഞ്ഞമാതിരി ഉദ്യോഗസ്ഥന്മാരുടെ മക്കളാണോ അധികവും?

റാവുസാഹിബ്ബ് സി. ജെ. മാത്യു: അധികം ഉദ്യോഗസ്ഥന്മാരുടെ മക്കളല്ല.

മിസ്റ്റർ പി. മാണി: ഇത്രമാത്രം return ചെയ്യുവാൻ കാരണമെന്താണ്?

Mr. P. Sankaran Nambiyar (*Director of Public Instruction*): There are ever so many enclosures to the applications. It has been the procedure so far to return all these applications together with the enclosures which the candidates may require to produce in other places.

മിസ്റ്റർ പി. മാണി: ഈ എൻകപയറീസ്സ് അറിഞ്ഞിട്ടുമാത്രം return ചെയ്താൽ മതിയായിരുന്നില്ലെ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തിരുവനന്തപുരം കോളേജിലേക്ക തിരഞ്ഞെടുത്ത പി. വി. വത്സീസ്സിന്റെ അച്ഛൻ തിരുവിതാംകൂറിലെ ഒരുദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തിന്നു അവിടെ തിരഞ്ഞെടുപ്പു കിട്ടുമായിരുന്നില്ലെ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: അതു പറയുവാൻ പാടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇന്നു് അദ്ദേഹം ഉദ്യോഗത്തിലുണ്ടോ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: അദ്ദേഹം റിട്ടയർചെയ്തു. അദ്ദേഹം മിസ്റ്റർ പമ്പയുടെ മകനാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ പമ്പയുടെ എത്ര പുത്രന്മാരെ തിരഞ്ഞെടുത്തിട്ടുണ്ട്?

Rao Sahib P. V. Raphael (*Comptroller of Finance and Accounts*): എന്റെ ഒരു മകനെ എടുത്തിട്ടുണ്ടു്.

And he has distinguished himself by passing in first class in Intermediate and first in the Presidency in the B.A. Subsequently he passed first in the Presidency in B.E. and he has passed also with distinction the competitive examination in I.R.S.E. (Indian Railway Service Examination). I think, in these circumstances Government should not regret that he has been selected.

COLLISION BETWEEN LORRY AND CART

453. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഫറൂക്ക് എടവം റൂട്ടിൽ ചെറശ്ശേരിക്കാരനായ ഒരു വൃദ്ധനായ പുലയൻ വലിച്ചു കൊണ്ടുപോയ തള്ളുവണ്ടിയിൽ ഒരു ലോറി മുട്ടി ടി വൃദ്ധനു പരുക്കുപറ്റിയതിനെക്കുറിച്ചു് വല്ല ആവലാതികളും പോർട്ടു് പോലീസ്സ് സ്റ്റേഷനിൽ ബോധിപ്പിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ലോക്കൽ പോലീസ്സ് അന്വേഷണം നടത്തിയോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടു്?

മിസ്റ്റർ ബി. വി. കെ. മേനോൻ:

(എ) ഉവ്വു്.

(ബി) ഉവ്വു്. ഫറൂക്ക് എടവം റൂട്ടിൽ ടി ലോറി ഉന്തുവണ്ടിയെ അതിക്രമിച്ചു പോകുമ്പോൾ ഉന്തുവണ്ടിയിന്മേൽ പലുക്കെ മുട്ടുകയും വണ്ടിക്കാരൻ താഴെ വീഴുകയും ചെയ്തു. അന്വേഷണത്തിലും വൈദ്യപരിശോധനയിലും വണ്ടിക്കാരനു യാതൊരു പരിക്കും പറ്റിയതായി കണ്ടില്ല.

(സി) മറുപടി ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ. കണ്ണൻ : അന്വേഷണം നടത്തിയതു് ആരാണെന്നു് പറയാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ : പൊല്ലീസ്സുകാരാണു്.

മിസ്റ്റർ പി. കെ. ഡിവർ : വണ്ടിക്കു വല്ല കേടും പറ്റിയോ?

Mr B. V. K. Menon *(Secretary to Government)* : No.

മിസ്റ്റർ പി. കെ. ഡീവർ : വണ്ടിക്കും വണ്ടിക്കാരനും വല്ല കോമ്പൻസേഷനും കൊടുക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ : അന്വേഷണത്തിൽ അറിഞ്ഞതു, അയാൾ വീണു. പക്ഷെ ഒന്നും പറഞ്ഞിയില്ല അതുകൊണ്ടു എണീറ്റുപോയി. അപ്പോൾ വേറെ ഒരാൾ ചെന്നു് അങ്ങിനെ എണീറ്റു പോകരുതു് പോലീസ്സ്റ്റേഷനിൽ അറിയിക്കണം. കോമ്പൻസേഷൻ വല്ലതും കിട്ടുവാൻ തരമുണ്ടോ എന്നു നോക്കാമെന്നും മറ്റും പറഞ്ഞു കരുതിക്കൂട്ടി ചെയ്തതാണു് എന്നാണു്. എന്നിട്ടും അയാളെ മെഡിക്കലാപ്പീസറുടെ അടുത്തു കൊണ്ടുപോയി, യാതൊരു പരുക്കുമില്ലെന്നു അദ്ദേഹം പറഞ്ഞു.

മിസ്റ്റർ പി. കെ. ഡീവർ : ഈ വിവരം പറഞ്ഞതു് ആരാണു്?

മിസ്റ്റർ ബി. വി. കെ. മേനോൻ : വീണ ആൾ പറഞ്ഞതാണു്. He gave that statement.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്സ് : വണ്ടിക്കു കേടുപറ്റിയാൽ കോമ്പൻസേഷൻ കൊടുക്കാറുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ : നിയമപ്രകാരം കിട്ടാൻ വല്ലതുമുണ്ടെങ്കിൽ കിട്ടും.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്സ് : ആരാണു് ഈ ഉപദേശം കൊടുത്തതു്?

മിസ്റ്റർ ബി. വി. കെ. മേനോൻ : പുലയമഹാജന സഭ Joint Secretary മിസ്റ്റർ പോങ്ങൻ.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : ഈ ഉപദേശം കൊടുത്ത ആളുടെ പേരിൽ വല്ല നടപടിയും എടുത്തോ?

മിസ്റ്റർ ബി. വി. കെ. മേനോൻ : ഇല്ല.

മിസ്റ്റർ പി കെ. ഡീവർ : ഈ മാതിരിയൊക്കെ അയാൾ പറഞ്ഞു എന്നു പോല്ലീസ്സ് സ്റ്റേറ്റുമെണ്ടിലുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ : ഉണ്ടായിരിക്കാം.

മിസ്റ്റർ കെ. കെ. കണ്ണൻ : പരുക്കു പറ്റിയിട്ടില്ലെങ്കിലും കേടുവല്ലതും പറ്റിയിട്ടുണ്ടായിരുന്നൊ?

Mr. B. V. K. Menon *(Secretary to Government)* : As far as the Doctor can find out there was neither any external injury nor symptom of any internal injury.

ARTICLE IN THE "DEENABANDHU" DATED 6TH MEDAM 1121

454. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) [illegible] മേടം ൧-ാംതീയതിയിലെ "ദീനബന്ധുവിൽ" 'പരാതി പറയുവാൻ ചെന്നവർക്കു അടി' എന്നു തലക്കെട്ടിൽ പടന്നസമുദായക്കാരായ സി. എ. കുഞ്ഞൻ, സി. വി. വേലായുധൻ, കെ. ബാലകൃഷ്ണൻ എന്നിവർ പുറപ്പെടുവിച്ച ഒരു പ്രസ്ഥാപന ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെണ്ടു് എന്തു് അന്വേഷണം നടത്തി;

(സി) അന്വേഷണത്തിന്റെ ഫലം എന്താണു്?

മിസ്റ്റർ ബി. വി. കെ. മേനോൻ:

(എ) ഉവ്വു.

(ബി) തൃശ്ശിവപേരൂർ ഡിവിഷ്യൻ ഇൻസ്പെക്ടർ ആക്ഷേപത്തെപ്പറ്റി അന്വേഷണം നടത്തി.

(സി) കുറ്റവാളികളാണെന്നു കണ്ട [illegible] നായർ ഹെഡ്കോൺസ്റ്റബിളിനേയും [illegible] നമ്പൂരികളായ കോൺസ്റ്റബിൾമാരേയും ശിക്ഷിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly